(സി) ഭാവക-ക്ഷാര വളങ്ങൾക്കാണ് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത്.

(ഡി) കഴിഞ്ഞ 2 വർഷങ്ങളിൽ ഭാവക-ക്ഷാര വളങ്ങളുടെ വില വർദ്ധിച്ചിട്ടില്ല. യൂറിയയ്ക്ക് മാത്രമാണ് വില വർദ്ധിപ്പിച്ചത്. രാസവളം കീടനാശിനി എന്നിവയ്ക്ക് പല പദ്ധതിയിലൂടെ കൃഷി വകുപ്പിൽനിന്നും കർഷകർക്ക് ആനുകൂല്യം നൽകി വരുന്നു. കൃഷിയാവശ്യത്തിനായി വൈദ്യുതി കർഷകർക്ക് സൗജന്യമായി നൽകിവരുന്നു. ആയതിനാൽ സർക്കാരിന്റെ കാർഷികനയം നടപ്പിലാക്കുന്നതിനെ ഇക്കാര്യങ്ങൾ ഒരു പരിധിവരെ മാത്രമേ സാധിക്കുന്നുള്ളൂ.

(ഇ) കഴിഞ്ഞവർഷത്തിൽ നടപ്പിലാക്കിയ സംയോജിത വളപ്രയോഗ പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചിലവളം സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു.

(എഫ്) ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന് കർഷകരെ ബോധവൽക്കരിക്കുന്നതിനായി ചർച്ചാ ക്ലാസ്സുകൾ നടത്തുന്നുണ്ട്.

114 (405) ദിവസക്കൂലിക്കാർക്ക് നൽകിവരുന്ന പരിഷ്കരിച്ച വേതന വർദ്ധനവ്

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് നൽകിവരുന്ന പരിഷ്കരിച്ച വേതന വർദ്ധനവ് കൃഷി വകുപ്പിനുകീഴിൽ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ബാധകമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)കൃഷിവകുപ്പിലെ വിവിധ ഓഫീസുകളിൽ ദിവസക്കൂലിയടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് കാലാകാലങ്ങളിൽ ധനകാര്യ വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലും പൊതുമരാമത്ത് വകുപ്പിന്റെ ഷെഡ്യൂൾ അനുസരിച്ചുമുള്ള വേതനമാണ് നൽകിവരുന്നത്.

115 (406) കൃഷിഭവനുകൾക്ക് കെട്ടിടം

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽപ്പെട്ട ഏതൊക്കെ കൃഷിഭവനുകൾക്ക് സ്വന്തമായി കെട്ടിടമില്ല എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കൃഷിഭവനുകൾക്ക് കെട്ടിടം പണിയാൻ അനുവാദം നൽകുമോ?

ഉത്തരം

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽപ്പെട്ട കിഴക്കോത്ത്, നരിക്കുനി, കക്കോടി, കക്കൂർ എന്നീ കൃഷിഭവനുകൾക്ക് സ്വന്തമായി സർക്കാർ വക കെട്ടിടമില്ല. കൊടുവള്ളി കൃഷിഭവന് സ്വന്തമായി കെട്ടിടമില്ലെങ്കിലും കൊടുവള്ളി പഞ്ചായത്തിന്റെ കെട്ടിടത്തിൽ വാടകയില്ലാതെ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly